**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 575** **11-11-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ജെൻഡർ വിഭാഗത്തിനായുള്ള ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. ലിന്റോ ജോസഫ്** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഏകോപനത്തിനും നൂതന പദ്ധതികൾ ആവിഷ്കരിച്ച് ഇവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ ക്ഷേമം നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു. 1. സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റീസ് ബോർഡ്. ട്രാൻസ്ജെൻഡർ നയം നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും, ട്രാൻസ്ജെൻഡർ ക്ഷേമത്തിന് ആവശ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നല്കുന്നതിനുമായി സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റീസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. 2. ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റി ട്രാൻസ്ജെൻഡർ നയത്തിന്റെ നടത്തിപ്പിനാവശ്യമായ ശിപാർശകൾ നൽകുന്നതിനും, ജില്ലാ അടിസ്ഥാനത്തിൽ സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിച്ച് തിരിച്ചറിയൽ കാർഡ് നൽകുന്നതിനും, മറ്റ് ബോധവൽക്കരണ പരിപാടികൾക്ക് നേതൃത്വം നൽകുന്നതിനുമായി ജില്ലാ തലത്തിൽ ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 3. ട്രാൻസ്ജെൻഡർ സെൽ ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായുള്ള പദ്ധതികളുടെ ഏകോപനത്തിനും, നൂതന പദ്ധതികൾ ആവിഷ്കരിച്ച് ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിർത്തുന്നതിനുമായി ക്രിയാത്മകമായ സമീപനത്തോടെയുള്ള പ്രവർത്തനം അനിവാര്യമാണ്. ഇതിലേക്കായി സാമൂഹ്യ നീതി വകുപ്പ് ട്രാന്സ്ജെൻഡർ ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ട്രാൻസ്ജെൻഡർ വിഭാഗത്തെ ഉൾപ്പെടുത്തി കൊണ്ട് സംസ്ഥാന |

| | | | |
|---|---|---|---|
| | | | തലത്തിൽ ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ച് പ്രവർത്തിച്ച വരുന്നു. പ്രസ്തുത സെൽ 2018 മുതൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിച്ച വരുന്നുണ്ട്. 4. 24x7 ഹെല്പ് ലൈൻ സംസ്ഥാനത്ത് സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിക്കുന്ന (24x7) ട്രാൻസ്ജെൻഡർ ഹെല്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ കാര്യക്ഷമമായി ഇടപെടുന്നതിനും, അടിയന്തരമായി വേണ്ടതരത്തിൽ നടപടികൾ കൈക്കൊള്ളുന്നതിനും വേണ്ടിയാണ് ടി സംവിധാനം നടപ്പിലാക്കി വരുന്നത്. |
| (ബി) | സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റീസ് ബോർഡ്, ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റീസ് കമ്മിറ്റി, ട്രാൻസ്ജെൻഡർ സെൽ എന്നിവയുടെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കാമോ; | (ബി) | സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്, ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റി എന്നിവയുടെ ഘടനയും പ്രവർത്തനവും 2015 ലെ സംസ്ഥാന ട്രാൻസ്ജെൻഡർ നയത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണം ഉറപ്പ് വരുത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തിലേയ്ക്കുള്ള വിവിധ ചുമതലകളാണ് ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്, ജില്ലാ ട്രാൻസ്ജെൻഡർ കമ്മിറ്റി, ട്രാൻസ്ജെൻഡർ സെൽ എന്നിവ നിർവ്വഹിച്ചവരുന്നത്. വിശദാംശങ്ങൾ അറ്റാച്ച്മെന്റിൽ ചേർക്കുന്നു |
| (സി) | സ്ത്രീകൾക്കും പുരുഷൻമാർക്കുമൊപ്പം തുല്യമായ അവസരങ്ങളും അവകാശങ്ങളും ഉറപ്പുവരുത്തി ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരെ അതിജീവനത്തിന് പ്രാപ്തരാക്കുന്നതിനായി സംരംഭകത്വ വികസന പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | ഉണ്ട്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ അതിജീവനത്തിന് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ, വിവിധ മേഖലകളിലെ തൊഴിൽ ലഭ്യത സംബന്ധിച്ച വിവരങ്ങൾ, ബിസിനസ് പ്ലാൻ തയ്യാറാക്കൽ, വായ്പാ ലഭ്യത സംബന്ധിച്ച വിവരങ്ങൾ തുടങ്ങി തൊഴിൽ സംബന്ധമായ വിവരങ്ങൾ ഉൾപ്പെടുന്ന സംരംഭകത്വ വികസന പരിശീലന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ വിപണിയും സംരംഭകത്വ സംവിധാനവും മനസ്സിലാക്കുന്നതിനും, സാധ്യമാകുന്ന മേഖലകളുമായി ബന്ധപ്പെടുത്തുന്നതിനും സംരംഭകത്വ വികസന പരിശീലന പരിപാടി സഹായിക്കുന്നു. 3 മേഖലകളിലായി 30 വീതം പരിശീലനാർത്ഥികളെ ഉൾപ്പെടുത്തി മൂന്ന് ബാച്ചുകളിലായി ആകെ 90 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 7 ദിവസം വീതം ദൈർഘ്യമുള്ള പരിശീലന പരിപാടിയാണ് C-STED മുഖേന നടപ്പിലാക്കിയിട്ടുള്ളത്. പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് C-STED ഉം വകുപ്പും ചേർന്ന് സർട്ടിഫിക്കറ്റ് വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്കായി ആകെ 8,94,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | സാമൂഹ്യ പുനരധിവാസം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | സാമൂഹ്യ പുനരധിവാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭം ആരംഭിയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു. സ്വയം തൊഴിൽ ധനസഹായ പദ്ധതി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിലേയ്ക്കായി 50,000/- രൂപ വീതം ധനസഹായം അനുവദിയ്ക്കുന്ന പദ്ധതി. വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായി കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇത്. ഡ്രൈവിംഗ് പരിശീലനം സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നല്കുന്ന പദ്ധതി. തയ്യൽ മെഷീൻ വിതരണ പദ്ധതി സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിന്റെ ഭാഗമായി തയ്യൽ പഠിച്ച് പ്രവർത്തി പരിചയമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി. ബ്യൂട്ടീഷൻ പദ്ധതി ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ബ്യൂട്ടീഷ്യൻ പരിശീലനം നൽകുന്ന പദ്ധതി. |

സെക്ഷൻ ഓഫീസർ

1. സംസ്ഥാന ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ ഘടന.

| | |
|---|---|
| ചെയർ പേഴ്സൺ | ബഹു.സാമൂഹ്യനീതി വകുപ്പ് മന്ത്രി. |
| മെമ്പർ സെക്രട്ടറി | സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി |
| അംഗങ്ങൾ | ആഭ്യന്തര വകുപ്പ് സെക്രട്ടറി<br>ധനകാര്യ വകുപ്പ് സെക്രട്ടറി<br>ആരോഗ്യ വകുപ്പ് സെക്രട്ടറി<br>പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി<br>നിയമ വകുപ്പ് സെക്രട്ടറി<br>സാംസ്കാരിക വകുപ്പ് സെക്രട്ടറി<br>തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി<br>സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ<br>ഡയറക്ടർ, പബ്ലിക് ഇൻസ്ട്രക്ഷൻ |
| നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ | ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള ഒരു എൻ.ജി.ഒ. പ്രതിനിധി.<br>ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുള്ള 5 പ്രതിനിധികൾ. |

2. ജില്ലാ ട്രാൻസ്ജെൻഡർ ജസ്റ്റീസ് കമ്മിറ്റിയുടെ ഘടന

| | |
|---|---|
| ചെയർ പേഴ്സൺ | ജില്ലാ കളക്ടർ |
| മെമ്പർ സെക്രട്ടറി | ജില്ലാ സാമൂഹ്യനീതി ഓഫീസർ |
| അംഗങ്ങൾ | സിറ്റി പോലീസ് കമ്മീഷണർ/ ജില്ലാ പോലീസ് മേധാവി.<br>റൂറൽ എസ്.പി.<br>ജില്ലാ മെഡിക്കൽ ഓഫീസർ<br>ജില്ലാ ലേബർ ഓഫീസർ<br>വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ.<br>ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ |

| | |
|---|---|
| | |
| നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ | ഈ മേഖലയിൽ പ്രവർത്തി പരിചയമുള്ള ഒരു എൻ.ജി.ഒ. പ്രതിനിധി<br>ട്രാൻസ്ജെൻഡർ വിഭാഗത്തിൽ നിന്നുള്ള 4 അംഗങ്ങൾ. |

3. ട്രാൻസ്ജെൻഡർ സെല്ലിന്റെ ഘടന

സാമൂഹ്യനീതി വകുപ്പ് ട്രാൻസ്ജെൻഡർ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ട്രാൻസ്ജെൻഡർ വിഭാഗത്തെ ഉൾപ്പെടുത്തിക്കൊണ്ട് ട്രാൻസ്ജെൻഡർ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിലെ വ്യക്തികൾ തന്നെയാണ് ജീവനക്കാരായി നിയമിക്കപ്പെട്ടിട്ടുള്ളത്. 1 പ്രോജക്ട് ഓഫീസർ, 2 പ്രോജക്ട് അസിസ്റ്റന്റുമാർ, 1 ഓഫീസ് അറ്റൻഡന്റ് എന്നിങ്ങനെയാണ് തസ്തികകൾ.